E-mail-keralarcs@gmail.com

website.www.cooperation.kerala.gov.in

Telephone No. 0471-2330726

സി.ബി(3) 35506/2011

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 22.08.2011.

**സർക്കുലർ നമ്പർ : 65/2011**

വിഷയം: സഹകരണം – സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ നിക്ഷേപങ്ങൾ/മിച്ച ഫണ്ടുകൾ – സഹകരണ മേഖലയ്ക്ക് പുറത്ത് നിക്ഷേപിക്കുന്നത് – നിക്ഷേപങ്ങൾ തിരികെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1) സഹകരണ സംഘം രജിസ്ട്രാറുടെ 30.12.2006 ലെ 63/2006 നമ്പർ സർക്കുലർ.
2) സഹകരണ സംഘം രജിസ്ട്രാറുടെ 05.05.2010 ലെ 24/2010 നമ്പർ സർക്കുലർ
3) സഹകരണ സംഘം രജിസ്ട്രാറുടെ 26.07.2010 ലെ 42/2010 നമ്പർ സർക്കുലർ

.....................

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ മിച്ച ഫണ്ടുകൾ/നിക്ഷേപങ്ങൾ സഹകരണ മേഖലയിൽ തന്നെ നിക്ഷേപിക്കണമെന്നും, മറ്റു സ്ഥാപനങ്ങളിലും/ബാങ്കുകളിലും നിക്ഷേപിക്കരുതെന്നും സൂചന (1) ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും ചില വ്യവസ്ഥകൾക്ക് വിധേയമായി അവയുടെ മിച്ച ഫണ്ട് ഗവൺമെന്റ് ട്രഷറിയിലോ, സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തന പരിധിയിലുള്ള ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിലോ നിക്ഷേപിക്കാൻ സൂചന (2) ലെ സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നെങ്കിലും ടി സർക്കുലർ നിർദ്ദേശം സൂചന (3) ലെ സർക്കുലർ പ്രകാരം പിൻവലിച്ചിരുന്നു. സൂചന (3) ലെ സർക്കുലർ നിർദ്ദേശപ്രകാരം ടി സർക്കുലർ തീയതി മുതൽ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളും അവയുടെ മിച്ചഫണ്ട് സഹകരണ മേഖലയ്ക്ക് പുറത്ത് നിക്ഷേപിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ നിക്ഷേപം വാണിജ്യബാങ്കുകളിലും സ്വകാര്യ ബാങ്കുകളിലും നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സഹകരണ ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപം സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും കർഷകർക്കും, സാധാരണക്കാർക്കും വായ്പയായി ലഭ്യമാക്കുന്നതിന് സഹകരണ മേഖലയിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപം സഹകരണ മേഖലയിൽ തന്നെ നിക്ഷേപിക്കേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും അവരുടെ മിച്ച ഫണ്ടുകൾ അതാത് ജില്ലാ സഹകരണ ബാങ്കുകളിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ. ഏതെങ്കിലും സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ ഫണ്ടുകൾ ജില്ലാ സഹകരണ ബാങ്കുകൾക്ക് പുറത്ത് നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ആയവ ഉടൻ തന്നെ പിൻവലിച്ച് ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണ്.

2. സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും അവരുടെ മിച്ച ഫണ്ടുകൾ/ നിക്ഷേപങ്ങൾ സംസ്ഥാന സഹകരണ ബാങ്കിൽ തന്നെ നിക്ഷേപിക്കേണ്ടതാണ്. രജിസ്ട്രാറുടെ അനുമതി ഇല്ലാതെ സ്വകാര്യബാങ്കുകളിലോ, ദേശസാൽകൃത വാണിജ്യ ബാങ്കുകളിലോ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ആയവ ഉടൻ തന്നെ പിൻവലിച്ച് സംസ്ഥന സഹകരണ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.
3. രജിസ്ട്രാറുടെ/ജോയിന്റ് രജിസ്ട്രാറുടെ അനുമതിയോടെ സ്വകാര്യ ബാങ്കുകളിലോ, ദേശസാൽകൃത/വാണിജ്യ ബാങ്കുകളിലോ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ, അനുമതി നൽകിയ ഉത്തരവിൽ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ തുക യാതൊരു കാരണവശാലും അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടുള്ളതല്ലെന്നും നിഷ്കർഷിക്കുന്നു.
4. സ്വകാര്യ, ദേശസാൽകൃത/വാണിജ്യ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നതിന് അനുമതി മുൻപ് നൽകിയിട്ടുള്ളത്, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് വിലയിരുത്തേണ്ടതും, ടി ഉത്തരവിന്റെ വെളിച്ചത്തിൽ അനിയന്ത്രിതമായി, അനുവാദം നൽകിയ ഉത്തരവിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി നിക്ഷേപം നടത്തുന്നുണ്ടെങ്കിൽ, ടി അനുമതി ഉത്തരവുകൾ അടിയന്തിരമായി റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കെതിരെ കേരള സഹകരണ സംഘം നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഓരോ ജില്ലയിലും സഹകരണ സംഘം ഇൻസ്പെക്ടർമാർ ടി വിഷയം പരിശോധന നടത്തി റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള പ്രഫോർമയിൽ 22.08.2011 ലെ വിവരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ജോയിന്റ് രജിസ്ട്രാർ (ജനറൽ) ക്ക് സമർപ്പിക്കേണ്ടതും, ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ 2011 ആഗസ്റ്റ് 25-ാം തീയതിക്കകം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ സഹകരണ ബാങ്കുകളിലെ വിവരങ്ങൾ ജോയിന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർമാർ പരിശോധിച്ച് പ്രഫോർമയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്. ടി സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്,
ഡോ: എസ്.രവീന്ദ്രൻ, ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
3. എല്ലാഅസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.(ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന)
5. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം
6. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
7. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
8. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
9. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
10. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്)
11. വെബ്സെറ്റ്
12. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

12. സ്പെയർ

എൻ.പി/ അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)

## പ്രൊഫോർമ

## സഹകരണ മേഖലയ്ക്ക് പുറത്ത് നിക്ഷേപം നടത്തിയത് സംബന്ധിച്ച വിവരം നലകുന്നതിനുള്ള പട്ടിക ( 22.08.2011 ലെ വിവരം)

| സഹകരണ സംഘം/ബാങ്കിന്റെ പേര് | നിക്ഷേപിച്ച തീയതി | രജിസ്ട്രാറുടെ/ജോയിന്റ് രജിസ്ട്രാറുടെ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ ഉത്തരവ് തീയതി/നമ്പർ | നിക്ഷേപത്തിന്റെ സ്വഭാവം എഫ്.ഡി/എസ്.ബി സ്ഥിരനിക്ഷേപമാണെങ്കിൽ കാലാവധി | നിക്ഷേപം നടത്തിയ സ്ഥാപനത്തിന്റെ പേര് | തുക (ലക്ഷത്തിൽ) | പലിശ ശതമാനം | ജില്ലാ സഹകരണ ബാങ്ക്/ സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിച്ചാൽ ലഭിക്കുമായിരുന്ന പലിശ (ശതമാനം) |
|---|---|---|---|---|---|---|---|
| | | | | | | | |
| **ആകെ** | | | | | | | |

ഒപ്പ്,
ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ/
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് രജിസ്ട്രാർ (ജനറൽ)